(എഫ്) എന്തുമാത്രം ഭൂമിയാണ് ഇത്തരം പദ്ധതികൾക്കായി ലഭ്യമാക്കിയിട്ടുള്ളത്; എവിടെയെല്ലാം;

(ജി) ഇങ്ങനെ ലഭ്യമാക്കിയിട്ടുള്ള ഭൂമിയുടെ ഉടമസ്ഥാവകാശം പദ്ധതി നടപ്പിലാക്കുന്ന ഏജൻസിക്കാണോ അതോ ഗുണഭോക്താവായ വ്യക്തിക്കാണോ എന്ന് വ്യക്തമാക്കുമോ;

(എച്ച്) ഭൂമിയുടെ ഉടമസ്ഥാവകാശം വ്യക്തമാക്കുന്ന ഗവൺമെന്റ് ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ടെങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരം

(എ) മൈത്രി ഭവന പദ്ധതിയും സോഷ്യൽ ഭവന പദ്ധതിയും നിലവിലുണ്ട്. മൈത്രി ഭവന പദ്ധതി പ്രകാരം ദുർബല വിഭാഗത്തിൽപ്പെട്ട സ്വന്തമായി ഭൂമിയും, 1800 രൂപയിൽ താഴെ വരുമാനവുമുള്ളവർക്ക് 30,000 രൂപ വരെ ചെലവ് പ്രതീക്ഷിക്കുന്ന 50 സ്ക്വയർ മീറ്റർ വീട് വയ്ക്കുന്നതിന് വീടൊന്നിന് വായ്പയായി 19,000 രൂപയും സംസ്ഥാന സർക്കാർ സബ്സിഡിയായി 9,000 രൂപയും നൽകുന്നു. 1000 രൂപ വീതം ഗുണ ഭോക്താവിന്റെയും സന്നദ്ധസംഘടനയുടേയും വിഹിതമായിരിക്കും.

(ബി) ഭവന നിർമ്മാണ ബോർഡിനെ നോഡൽ ഏജൻസിയായും, കൂടാതെ പദ്ധതികൾ ഭവന നിർമ്മാണ ബോർഡ് വഴി ഏറ്റെടുക്കുന്നതിന് പഞ്ചായത്തുകളെയും അനുവദിച്ചിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) ഉണ്ട്. 13-10-2003-ലെ സ.ഉ.(സാ)84/03/ഭവ.-ന്റെ പകർപ്പ് ഉള്ളടക്കം ചെയ്തിരിക്കുന്നു. †

(ഇ, എഫ്) സോഷ്യൽ ഭവന പദ്ധതി പ്രകാരം വീടൊന്നിന് 2 സെന്റ് വീതം സർക്കാർ വക സ്ഥലം സൗജന്യമായി നൽകുന്നതാണ്.

(ജി) സോഷ്യൽ ഹൗസിംഗ് സ്കീം നടപ്പിലാക്കുന്നതിനാവശ്യമായ സർക്കാർ ഭൂമി ഗുണഭോക്താക്കളുടെ പേരിൽ അവസാനം കൈമാറുന്നതിനുവേണ്ടി ഭവന നിർമ്മാണ ബോർഡിനെ താൽക്കാലികമായി ഏല്പിക്കുന്നതാണ്.

(എച്ച്) മേൽപ്പറഞ്ഞ ചോദ്യം (ഡി)-യുടെ മറുപടിയിൽ സൂചിപ്പിച്ചിട്ടുള്ള ഉത്തരവിൽ ഉടമസ്ഥാവകാശം വ്യക്തമാക്കുന്നുണ്ട്.

ഹഡ്കോ ധനസഹായത്തോടെ നടപ്പിലാക്കുന്ന ജലസേചന പദ്ധതികൾ

25 [577] ശ്രീ. കെ. സി. വേണുഗോപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എ) ഹഡ്കോയുടെ ധനസഹായത്തോടെ ആലപ്പുഴയിൽ നടപ്പിലാക്കുന്ന ജലസേചന പദ്ധതിക്ക് സ്ഥലം ലഭ്യമാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് എന്തെങ്കിലും നിർദ്ദേശം ജില്ലാ കളക്ടർ സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എന്നാണ് ഈ നിർദ്ദേശം സമർപ്പിച്ചത് എന്ന് അറിയിക്കാമോ;

(സി) ഇതിന്മേൽ എന്ത് നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

(സി) ബാധകമല്ല.

നടപ്പു സാമ്പത്തിക വർഷത്തിൽ ആരംഭിച്ച മരാമത്ത് പണികൾ

26 [578] ശ്രീ. വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നടപ്പു സാമ്പത്തിക വർഷത്തിൽ എത്ര തുകയുടെ മരാമത്ത് പണികൾ നടത്തിയിട്ടുണ്ട്; ജില്ല തിരിച്ച് വിശദാംശം വ്യക്തമാക്കുമോ;

(ബി) കേന്ദ്ര ഗവൺമെന്റിന്റെ ധനസഹായത്തോടെ എന്തെല്ലാം മരാമത്ത് പണികൾ നടപ്പു സാമ്പത്തിക വർഷം നടത്തിയിട്ടുണ്ട്; ജില്ല തിരിച്ച് വിശദാംശം വ്യക്തമാക്കുമോ;

(സി) നടപ്പുസാമ്പത്തിക വർഷം പണി തുടങ്ങിയതിൽ ഇതുവരെ പണി പൂർത്തീകരിച്ച മരാമത്തു പണികൾ ഏതെല്ലാം; ജില്ല തിരിച്ച് വിശദാംശം വ്യക്തമാക്കുമോ;

(ഡി) നടപ്പു സാമ്പത്തിക വർഷം പണി തുടങ്ങി നാളിതുവരെ പണി പൂർത്തീകരിക്കാത്തവ ഏതെല്ലാം; ജില്ല തിരിച്ച് വിശദാംശം വ്യക്തമാക്കുമോ;

(ഇ) കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടെ തുടങ്ങിയ മരാമത്ത് പണികളിൽ പണി പൂർത്തീകരിക്കാത്തവ ഏതെല്ലാം; എപ്പോൾ പൂർത്തീകരിക്കാൻ കഴിയും എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വിവരം ശേഖരിച്ച് നൽകുന്നതാണ്.

(ബി) ദേശീയപാതാ വിഭാഗത്തെ സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു. †

† അനുബന്ധം V

LIBRARY ARCHIVES Kerala Legislative Assembly